അതുവരെയുള്ള പരാതികൾ പരിശോധിച്ച് അന്തിമ തീരുമാനം എടുക്കുന്നതാണ്.

ഇവർക്ക് ഇപ്പോൾ 3-11-1994-ൽ നിശ്ചയിച്ച താഴെപ്പറയുന്ന നിരക്കുകളാണ് പ്രാബല്യത്തിലുള്ളത്.

1) ക്ലീനർ, പ്യൂൺ, വാച്ച്മാൻ, മസ്ദൂർ, സ്വീപ്പർ } പ്രതിമാസം 620 രൂപ

2) സ്കിൽഡ്വർക്കേഴ്സ്
1. പ്രിന്റർ
2. കമ്പോസിറ്റർ } പ്രതിമാസം 664 രൂപ
3. ബൈന്റർ

3) 1. സ്കിൽഡ്വർക്കേഴ്സ് -25 രൂപ പ്രതിദിനം
2. അൺസ്കിൽഡ് വർക്കേഴ്സ് -24 രൂപ പ്രതിദിനം

4) പ്രായം 15നും 18നും മദ്ധ്യേ ഉള്ളവർക്കും മുകളിൽ പറയുന്ന കൂലിയുടെ 75 ശതമാനം നൽകും.

ഇതുകൂടാതെ 350 പോയിന്റിനുമുകളിലുള്ള ഓരോ പോയിന്റിനും കൺസ്യൂമർ പ്രൈസ് ഇൻഡക്സ് അനുസരിച്ച് രണ്ടു രൂപ വീതവും അടിസ്ഥാനശമ്പളത്തിന്മേൽ ഡി.എ. ലഭിക്കും. ദിവസക്കൂലിക്കാർക്ക് 350 പോയിന്റിനുമേൽ വരുന്ന ഓരോ പോയിന്റിനും 8 പൈസ നിരക്കിൽ ഡി.എ. ലഭിക്കും.

58 (967) ട്രേഡ് യൂണിയൻ നിയമം

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> :
<u>ശ്രീ. പി. രാജു</u> :
<u>ശ്രീ. യു.എസ്. ശശി</u> :
<u>ശ്രീ. ജോസ് ബേബി</u> :
<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രേഡ് യൂണിയൻ അംഗീകാരനിയമം സംബന്ധിച്ച നിർദ്ദേശങ്ങൾ ട്രേഡ് യൂണിയൻ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) ട്രേഡ് യൂണിയനുകളുടെ രജിസ്ട്രേഷനുവേണ്ടി സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ട്രേഡ് യൂണിയനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) നടത്തിയിട്ടുണ്ട്.

(ബി) ഒരു ട്രേഡ് യൂണിയൻ രൂപവൽക്കരിക്കാനുദ്ദേശിക്കുന്നവർ പൊതുയോഗം ചേർന്ന് നിർദ്ദിഷ്ടമായപേരിലും വിലാസത്തിലും ഒരു യൂണിയൻ രൂപീകരിക്കുവാൻ തീരുമാനിക്കുന്ന ഒരു പ്രമേയം പാസ്സാക്കുകയാണ് ആദ്യം ചെയ്യേണ്ട നടപടിക്രമം ബന്ധപ്പെട്ട ട്രേഡിൽ അഥവാ ബിസിനസ്സിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെട്ടിരിക്കുന്ന കുറഞ്ഞപക്ഷം ഏഴ് അപേക്ഷകരെയെങ്കിലും തെരഞ്ഞെടുത്തുകൊണ്ടുള്ള മറ്റൊരു പ്രമേയവും ഇൻഡ്യൻ ലേബർ കോൺഫറൻസ് അംഗീകരിച്ച വ്യവസായത്തിലെ അച്ചടക്കസംഹിത പ്രസ്തുത സംഘടന പാലിക്കുന്നുണ്ടോയെന്ന് കാണിക്കുന്ന പ്രമേയവും പ്രസ്തുത പൊതുയോഗത്തിൽ അംഗീകരിക്കേണ്ടതാണ്.

ട്രേഡ് യൂണിയൻ ചട്ടത്തിലെ ഫോറം 'എ' യിലുള്ള അപേക്ഷയാണ് രജിസ്ട്രേഷനുവേണ്ടി നൽകേണ്ടത്. അതിൽ പൊതുയോഗം ചുമതലപ്പെടുത്തിയിട്ടുള്ള ഏഴു അപേക്ഷകരും അവരുടെ പേര്, ഒപ്പ്, തൊഴിൽ, മേൽവിലാസം, വയസ്സ് എന്നിവ രേഖപ്പെടുത്തി അപേക്ഷയോടൊപ്പം താഴെക്കുറിച്ചിട്ടുള്ള രേഖകളും ഉള്ളടക്കം ചെയ്യണം:-

1) പൊതുയോഗം അംഗീകരിച്ച യൂണിയന്റെ ബൈലായുടെ തനിപ്പകർപ്പ്, പ്രമേയം, ഒന്ന്, രണ്ട്, മൂന്ന്.

2) ട്രേഡ് യൂണിയൻ ചട്ടങ്ങളിൽ നൽകിയിട്ടുള്ള ഒന്നും രണ്ടും നമ്പർ പട്ടികകൾ യഥായോഗ്യം പൂരിപ്പിച്ചത്.

3) ഒരു വർഷത്തിലധികമായി പ്രവർത്തിച്ചുവരുന്ന യൂണിയനാണെങ്കിൽ പ്രസ്തുത സംഘടനയുടെ ആസ്തി ബാദ്ധ്യതകൾ കാണിക്കുന്ന മൂന്നാം നമ്പർ പട്ടികയിലുള്ള സ്റ്റേറ്റ്മെന്റ്.

4) ട്രേഡ് യൂണിയൻ രജിസ്ട്രേഷൻ ഫീസ് 500 രൂപ "0230-102-" ശീർഷകത്തിൽ ഒടുക്കിയ ചെല്ലാൻ രസീത്, അപേക്ഷയിലും ബൈലായിലും ആവശ്യമായ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി അപേക്ഷ അതാത് പ്രദേശത്തെ അസിസ്റ്റന്റ് ലേബർ ഓഫീസറുടെ വ്യക്തമായ അന്വേഷണ റിപ്പോർട്ട് സഹിതം ട്രേഡ് യൂണിയൻ രജിസ്ട്രാർക്ക് സമർപ്പിക്കണം. ട്രേഡ് യൂണിയൻ രജിസ്ട്രാർ അപേക്ഷയും ബന്ധപ്പെട്ട രേഖകളും സൂക്ഷ്മ പരിശോധന നടത്തി ട്രേഡ് യൂണിയൻ നിയമത്തിലെ 5,6 വകുപ്പുകളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളെല്ലാം പാലിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത യൂണിയന് രജിസ്ട്രേഷൻ നൽകുകയാണ് നടപടിക്രമം ഈ നടപടിക്രമത്തിന് പുതുതായി ഒരു മാറ്റവും വരുത്തിയിട്ടില്ല.

(സി) 1999 നവംബർ മാസം 30 വരെ 10,969 ട്രേഡ് യൂണിയനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

59 (968) തൊഴിലാളി സംഘടനകളുടെ അംഗീകാരത്തിന് റഫറണ്ടം

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> :
<u>ശ്രീ. പി. രാഘവൻ</u>:
<u>ശ്രീ. എളമരം കരീം</u> :
<u>ശ്രീ. വർഗ്ഗീസ് വൈദ്യർ</u> :
<u>ശ്രീ. എൻ.ആർ. ബാലൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളി സംഘടനകളുടെ അംഗീകാരത്തിന് റഫറണ്ടം നടത്തിവരുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ബി) ഈ റഫറണ്ടം നടപടിക്ക് ഇപ്പോൾ സ്വീകരിച്ചുവരുന്ന നിബന്ധനകൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly